MONDAY　　　　　　　　　　　　　　　　　　　　　　　　തിങ്കളാഴ്ച

28/07/2025

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : SINDHU. KS**　　　**Editor : Dr. V. Krishnadas**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/07/2025

1. എസ്. എഫ്. എ. സി കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കാർഷിക വിവര സങ്കേതം കർഷക കോൾ സെൻറർ' എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കർഷകർക്ക് കൃഷി സംബന്ധമായ ഏതൊരു സംശയവും ടോൾ ഫ്രീ നമ്പറായ "1800 425 1661* മുഖേന വിളിച്ച് ചോദിക്കുകയോ, രോഗകീടബാധയേറ്റ വിളയുടെ ചിത്രം വാട്സ്ആപ് നമ്പറായ "9447051661 എന്നതിലൂടെ അയച്ച് കൊടുത്ത് സംശയനിവാരണം നടത്താവുന്നതുമാണ്.

2. ജില്ലയിലെ എല്ലാ കർഷകരും പി എം കിസാൻ ഗുണഭോക്താക്കളും അക്ഷയ കേന്ദ്രങ്ങൾവഴി രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആധാർ കാർഡ്, ആധാറുമായി ലിങ്ക് ചെയ്ത ബാങ്ക് പാസ് ബുക്ക്, ഫോൺ നമ്പർ, കരമടച്ച രസീത് എന്നിവ സഹിതമെത്തണം. ഫാർമർ രജിസ്ട്രിയിൽ എൻറോൾ ചെയ്യുന്ന പിഎം കിസാൻ ഗുണഭോക്താക്കൾക്ക് ഫാർമർ ഐഡി ഭാവിയിൽ നൽകുമെന്നും അറിയിച്ചു. അവസാനതീയതി ജൂലായ് 31.

3. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷ ക്ഷണിച്ചു. അതത് പ്രദേശങ്ങളിൽ ജൈവവൈവിധ്യം നിലനിർത്തുന്നതിന് വിവിധ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ച് പരിപാലിക്കുന്നവർക്കും കാവുകൾ, കണ്ടൽക്കാടുകൾ, ഔഷധ സസ്യങ്ങൾ, കൃഷി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങിയ ജൈവവൈവിധ്യ രംഗങ്ങളിൽ മികച്ച സംഭാവനകൾ നൽകിയവർക്കുമാണ് 25,000 രൂപയും ഫലകവുമടങ്ങിയ അവാർഡ് സമ്മാനിക്കുക. വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷിക്കാർ എന്നിവർക്ക് അപേക്ഷിക്കാം. അവാർഡിനുള്ള അർഹത സാധൂകരിക്കുന്ന കുറിപ്പും വിശദവിവരങ്ങളും ഫോട്ടോയും സഹിതം കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി വിഭാഗം അസി. ഫോറസ്റ്റ് കൺസർവേറ്റർ (വനശ്രീ), അരക്കിണർ പി.ഒ, മാത്തോട്ടം എന്ന വിലാസത്തിൽ ആഗസ്റ്റ് 11ന് വൈകുന്നേരം 5 മണിക്കു മുമ്പായി സമർപ്പിക്കണം. ഫോൺ: 0495 2416900.

**<u>പരിശീലന പരിപാടി</u>**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 ആഗസ്റ്റ് 11, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 ആഗസ്റ്റ് 10, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 06.08.2025, 07.08.2025 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് **“സുരക്ഷിതമായ പാലുൽപാദനം”** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിൻറെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 02.08.2025ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, എന്റർപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റ്, തഞ്ചാവൂർ, കൃഷിയിടം മുതൽ ഫോർക്ക് വരെയുള്ള ജൈവ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗ്, സംഭരണം, മൂല്യവർദ്ധനവ് എന്ന വിഷയത്തിൽ ഓഗസ്റ്റ് 19, 20 തീയതികളിൽ രണ്ടു ദിവസത്തെ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: https://niftem-t.ac.in/orgpack.php എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

4. ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം ഏക ദിന പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് മണ്ണിര കമ്പോസ്റ്റ് നിർമാണം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു . താല്പര്യമുള്ളവർ 2025 ഓഗസ്റ്റ് മാസം 1 ന് വൈകിട്ട് 5 മണിക്ക് മുൻപായി 8086019840 എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. വാട്സ് ആപ്പ് മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 6 ന് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

5. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ കർഷകർക്ക് **കാട വളർത്തൽ** എന്ന വിഷയത്തിൽ ജൂലൈ 29, രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു മണി വരെ പരിശീലനം നൽകുന്നു. ഫോൺ നമ്പർ 0469 2965535.

**<u>കാർഷിക നിർദേശം</u>**

1. പച്ചക്കറികൾക്ക് ഉപയോഗിക്കുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ബിവേറിയ തുടങ്ങിയ ജീവാണു കുമിൾനാശിനികൾ മണ്ണുത്തിയിലുള്ള സെയിൽസ് സെന്റർ, വെള്ളാനിക്കരയിലെ സെൻട്രൽ നേഴ്സറി, ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP യൂണിറ്റ്, കണ്ണാറ വാഴ ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff¯

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. – രൂക്ഷമാണെങ്കിൽ ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക.
3. ഇലതീനിപ്പുഴുവിൻ്റെ ആക്രമണം നിയന്ത്രിക്കാനായി ബിവേറിയ എന്ന കുമിൾ കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം